**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2825** **10-03-2025 - ൽ മറുപടിയ്ക്ക്**

**ദുരിതാശ്വാസനിധിയിൽനിന്നുള്ള ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ** | | **ശ്രീ ഒ . ആർ. കേളു (പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് ധനസഹായം നൽകുന്നതിനായി കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷങ്ങളിൽ വകയിരുത്തിയിരുന്ന തുക എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ; | (എ) | പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് ധനസഹായം നല്കുന്നതിനായി കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷങ്ങളിൽ വകയിരുത്തിയിരുന്ന തുകയുടെ വിശദാംശങ്ങൾ അനുബന്ധം -1 ആയി ചേർത്തിട്ടുണ്ട്. |
| (ബി) | ഓരോ സാമ്പത്തിക വർഷവും ഈ ഇനത്തിൽ എത്ര തുക ചെലവഴിച്ചുവെന്ന് അറിയിക്കുമോ; | (ബി) | വിവരം ശേഖരിച്ചു നല്കുന്നതാണ്. |
| (സി) | ഓരോ സാമ്പത്തിക വർഷവും എത്ര അപേക്ഷകൾ നിരസിച്ചിട്ടുണ്ട്; ഫണ്ടിന്റെ അപര്യാപ്തത മൂലം സഹായം വിതരണം ചെയ്യാതിരുന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ; നിലവിൽ എത്ര അപേക്ഷകർക്ക് ആനുകൂല്യം നൽകാനുണ്ട്; വിശദാംശം വ്യക്തമാക്കുമോ? | (സി) | **<u>പട്ടികജാതി വിഭാഗം</u>**<br><br>കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷം 305 അപേക്ഷകൾ വിവിധ കാരണങ്ങളാൽ നിരസിച്ചിട്ടുണ്ട്. ഫണ്ടിന്റെ അപര്യാപ്തത മൂലം സഹായ വിതരണം വൈകുന്ന സാഹചര്യം ഉണ്ടാകുമെങ്കിലും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ധനസഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>നിലവിൽ 3050 അപേക്ഷകർക്ക് ആനുകൂല്യം നല്കാനുണ്ട്. ടി അപേക്ഷകളിന്മേൽ അർഹത പരിശോധിച്ച് ആനുകൂല്യം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>**<u>പട്ടികവർഗ്ഗ വിഭാഗം</u>**<br><br>2022-23 സാമ്പത്തിക വർഷം അർഹതയില്ലാത്ത 10 അപേക്ഷകളും, 2023-24 സാമ്പത്തിക വർഷം അർഹതയില്ലാത്ത 3 അപേക്ഷകളും നിരസിച്ചിട്ടുണ്ട്. ഫണ്ടിന്റെ അപര്യാപ്തത മൂലം ധനസഹായം വിതരണം ചെയ്യാതിരുന്നിട്ടില്ല.<br><br>നിലവിൽ 100 അപേക്ഷകളിന്മേൽ അർഹത പരിശോധിച്ച് ആനുകൂല്യം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം-1

| പട്ടികജാതി | | പട്ടികവർഗ്ഗം | |
|---|---|---|---|
| വർഷം | തുക | വർഷം | തുക |
| 2019-20 | 55,31,82,000 | 2019-20 | 25,00,00,000 |
| 2020-21 | 50,31,82,000 | 2020-21 | 25,00,00,000 |
| 2021-22 | 60,31,82,000 | 2021-22 | 25,00,00,000 |
| 2022-23 | 45,31,82,000 | 2022-23 | 26,00,00,000 |
| 2023-24 | 48,72,50,000 | 2023-24 | 30,00,00,000 |

Anya. K.R.

സെക്ഷൻ ഓഫീസർ